(സി) ഇതു സംബന്ധിച്ചുള്ള അന്വേഷണം നടന്നുവരുന്നു.

(ഡി) രണ്ട് കേസുകൾ നിലവിലുണ്ട്.

സിവിൽ കോടതി സ്ഥാപിക്കുന്നതുസംബന്ധിച്ച്

174 [3142] *ശ്രീ. യു. സി. രാമൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ (കുന്ദമംഗലം മണ്ഡലത്തിൽ) കുന്ദമംഗലം പഞ്ചായത്തിൽ സിവിൽ കോടതി സ്ഥാപിക്കണമെന്ന നിർദ്ദേശം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് സ്ഥാപിക്കുന്നതിനാവശ്യമായ എന്തെങ്കിലും നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്നത്തേക്ക് അത് യാഥാർത്ഥ്യമാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) & (സി) കോഴിക്കോട് ജില്ലയിലെ താമരശ്ശേരിയിലെ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി-II മുൻസിഫ് മജിസ്ട്രേറ്റ് കോടതിയാക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്. ഇപ്രകാരം ചെയ്യുകയാണെങ്കിൽ കുന്ദമംഗലം, കൊടുവള്ളി, തിരുവമ്പാടി എന്നീ വില്ലേജുകൾ പ്രസ്തുത കോടതിയുടെ അധികാരപരിധിയിൽ വരുന്നതാണ്. അതിനാൽ കുന്ദമംഗലത്ത് സിവിൽ കോടതി സ്ഥാപിക്കണമെന്ന ആവശ്യം പ്രായോഗികമല്ല എന്ന് ഹൈക്കോടതി അറിയിച്ചിട്ടുണ്ട്.

തിരുവനന്തപുരത്തും കോട്ടയത്തും വിജിലൻസ് കോടതി ആരംഭിക്കുന്നതിന് നടപടി

175 [3143] *ശ്രീ. കെ. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ നിലവിലുള്ള വിജിലൻസ് കോടതികളിൽ കേസുകളുടെ ബാഹുല്യം കാരണം സമയബന്ധിതമായി അവ തീർപ്പാക്കാൻ കഴിയാത്ത സ്ഥിതി നിലവിലുള്ളതായി വിലയിരുത്തിയിട്ടുണ്ടോ;

(ബി) തിരുവനന്തപുരത്തും കോട്ടയത്തും ഓരോ വിജിലൻസ് കോടതി ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly